നം.ക്യൂ.ഐ.പി(1)/247365/2021/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 11/06/2021

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

എല്ലാ വിദ്യാസ ഉപഡയറക്ടർമാർക്കും
ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം-2021-22 അധ്യയന വർഷത്തെ അഡ്മിഷൻ/പ്രൊമോഷൻ നടപടികൾ-കുട്ടികളുടെ യു.ഐ.ഡി പുതുതായി പ്രവേശനം നേടുന്ന സ്കൂളിൽ ഉൾപ്പെടുത്തുന്നത്- സംബന്ധിച്ച്.

സൂചന:-1) 18/05/2021 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള സർക്കുലർ നമ്പർ ക്യൂ.ഐ.പി (1)/9141/2020/ഡി.ജി.ഇ.
2) 08/06/2021 തീയതയിലെ കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കത്ത് നമ്പർ കൈറ്റ്/2020-21/1421 (7)

......................

2020-21 അധ്യയന വർഷത്തെ പ്രൊമോഷൻ, 2021-22 അധ്യയന വർഷത്തെ അഡ്മിഷൻ/വിടുതൽ എന്നിവ സംബന്ധിച്ച് വിശദമായ മാർഗനിർദ്ദേശങ്ങൾ സൂചന (1) സർക്കുലർ പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നൽകിയിരുന്നു. സംസ്ഥാനത്തെ പല അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ നിന്നും പൊതു വിദ്യാലയങ്ങളിലേക്ക് വരുന്ന കുട്ടികൾക്ക് ചില വിദ്യാലയങ്ങളിൽ നിന്നും ടി.സി ലഭിക്കുന്നതിൽ പ്രയാസം നേരിടുന്നതായും കുട്ടികൾ ടി.സി കൂടാതെ തന്നെ പൊതു വിദ്യാലയങ്ങളിൽ എത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി.സി ഇല്ലാതെ പ്രവേശനം നൽകുമ്പോൾ യു.ഐ.ഡി ഉള്ള കുട്ടികളുടെ യുഐ.ഡി മുമ്പ് പഠിച്ച വിദ്യായങ്ങളിൽ തന്നെ നിലനിൽക്കുന്നതിനാൽ പുതുതായി ചേരുന്ന സ്കൂളിൽ യു.ഐ.ഡി ഉൾപ്പെടുത്താൻ കഴിയുന്നില്ല എന്ന പരാതിയും ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1) മുൻവർഷങ്ങളിലെപ്പോലെ ഈ വർഷവും പൊതു വിദ്യാലയങ്ങളിലേക്ക് ധാരാളം കുട്ടികൾ പ്രവേശനത്തിന് എത്തുന്നുണ്ട്. പൊതുവിദ്യാലയങ്ങളിലേക്ക്

അഡ്മിഷൻ ലഭിക്കുന്ന കുട്ടികളുടെ യു.ഐ.ഡി കുട്ടി യഥാർത്ഥത്തിൽ ഇപ്പോൾ ചേർന്നിരിക്കുന്ന സ്കൂളിലാണ് ഉൾപ്പെടുത്തേണ്ടത്. മുമ്പ് പഠിച്ചിരുന്ന സ്കൂളിൽ നിന്ന് ടി.സി ലഭിക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള പ്രയാസം നേരിടുന്നെങ്കിൽ വിശദാംശങ്ങൾ (കുട്ടി പുതുതായി പ്രവേശനം നേടിയ ജില്ല, വിദ്യാഭ്യാസ ജില്ല, വിദ്യാഭ്യാസ ഉപജില്ല, സ്കൂൾ കോഡ്, സ്കൂളിന്റെ പേര്, പ്രവേശനം നേടിയ/പഠിക്കുന്ന ക്ലാസ് അഡ്മിഷൻ നമ്പർ, കുട്ടിയുടെ പേര്, യു.ഐ.ഡി എന്നിവയും സമ്പൂർണ്ണയിൽ ഉൾപ്പെടുത്താൻ ശ്രമിക്കുമ്പോൾ അത് ഏത് ജില്ലയിൽ ഏത് സ്കൂൾ കോഡിലുള്ള സ്കൂളാണ്) സഹിതം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് സ്കൂൾ പ്രഥമാധ്യാപകൻ അപേക്ഷ നൽകേണ്ടതാണ്.

2) എ.ഇ.ഒ/ഡി.ഇ.ഒ മാർക്ക് സ്കൂളുകളിൽ നിന്ന് ടി ആവശ്യത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ശുപാർശ സഹിതം കൈറ്റിന്റെ സ്റ്റേറ്റ് ഓഫീസിലേക്ക് (sampoorna@kite.kerala.gov.in) മെയിൽ അയക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്

കെ.എസ്.

# <u>പ്രവേശനം ലഭിച്ച സ്കൂളിൽ തന്നെ കുട്ടികളുടെ യുഐഡി ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ</u>

എന്റെ വിദ്യാഭ്യാസ ജില്ല/വിദ്യാഭ്യാസ ഉപജില്ലയിലെ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ വിശദാംശങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്. എന്നാൽ അവരുടെ യുഐഡി സമ്പൂർണയിൽ ചേർക്കുന്നതിന് കഴിയുന്നില്ലെന്നും അതിന് ക്രമീകരണം ഒരുക്കുന്നതിനും അതത് സ്കൂൾ പ്രഥമാധ്യാപകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ കുട്ടികളുടെ യുഐഡി പ്രവേശനം ലഭിച്ച സ്കൂളിന്റെ സമ്പൂർണയിൽതന്നെ ഉൾപ്പെടുത്തുന്നതിന് ക്രമീകരണം ഒരുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

| | |
|---|---|
| വിദ്യാഭ്യാസ ജില്ല / വിദ്യാഭ്യാസ ഉപജില്ല | |
| സ്കൂൾ കോഡ് | |
| സ്കൂളിന്റെ പേര് | |

| ക്രമ നമ്പർ | കുട്ടിയുടെ പേര് | അഡ്മിഷൻ നമ്പർ | പ്രവേശനം നേടിയ ക്ലാസ് | യുഐഡി | യുഐഡി നിലവിലുള്ള സ്കൂളിന്റെ കോഡ് | യുഐഡി നിലവിലുള്ള സ്കൂളിന്റെ പേര് | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |

| |
|---|
| വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശ |

| | | |
|---|---|---|
| സ്ഥലം | ഓഫീസ് സീൽ | ഒപ്പ് |
| തീയതി | | ജില്ലാ വിദ്യാഭ്യാസ ഓഫീസർ/<br>ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഒപ്പ് |